"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്- പബ്ലിക് വൈ-ഫൈ (കെ-ഫൈ) പദ്ധതി- നിലവിലുള്ള 2023 വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ പരിപാലനത്തിനായി ബി.എസ്.എൻ.എൽ-നെ ചുമതലപ്പെടുത്തുന്നതിനും, 2000 പുതിയ വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനായി ടെൻഡർ പ്രക്രിയ ആരംഭിക്കുന്നതിനും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.35/2026/ITD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. 02-04-2018-ലെ സ.ഉ.(സാധാ)നം.94/2018/ഐ.ടി നമ്പർ സർക്കാർ ഉത്തരവ്.
2. 18-07-2025-ലെ സ.ഉ.(സാധാ)നം.164/2025/ഐ.ടി നമ്പർ സർക്കാർ ഉത്തരവ്.
3. 29-11-2025 -ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 30-10-2025, 31-12-2025- തീയതികളിലെ Pwifi/5/2023-KSITM നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പബ്ലിക് വൈ-ഫൈ പദ്ധതി (കെ-ഫൈ) പ്രകാരം പൊതുസ്ഥലങ്ങളിൽ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്ത് നിലവിലുള്ള 2023 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ (കെ-ഫൈ) പരിപാലനത്തിനായി സിസ്റ്റം ഇന്റഗ്രേറ്ററായി തെരഞ്ഞെടുത്തിരുന്നത് M/s. BSNL നെ ആയിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകിയ M/s. BSNL-മായുള്ള കരാർ കാലാവധി 31-12-2025-ൽ അവസാനിക്കുകയുണ്ടായി.

**2.** നിലവിലുള്ള 2023 ഹോട്ട്സ്പോട്ടുകളുടെ പരിപാലനത്തിനായി M/s. BSNL സമർപ്പിച്ച 5 വർഷത്തേയ്ക്കുള്ള ₹50.57 കോടി രൂപയുടെ പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ

സർക്കാരിന് സമർപ്പിക്കുകയും കരാർ തുക കുറയ്ക്കുന്നതിനായി M/s. BSNL-മായി ചർച്ച നടത്തുവാൻ പരാമർശം (3) യോഗത്തിലെ തീരുമാനപ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

3. ഇപ്രകാരം ചർച്ച നടത്തിയ ശേഷം M/s. BSNL ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു :-

| ഇനം | ഒരു ഹോട്ട്സ്പോട്ടിനുള്ള നിരക്ക് (GST ഒഴികെ) | ആകെ വാർഷിക ചെലവ് (2,023 ഹോട്ട്സ്പോട്ടുകൾക്ക്) |
|---|---|---|
| നിലവിലുള്ള 2023 ഹോട്ട്സ്പോട്ടുകളുടെ O&M ചാർജുകൾ (പ്രതിവർഷം) | ₹ 11,500/- | ₹ 2,32,64,500/- |
| വാർഷിക ബാൻഡ്‌വിഡ്ത്ത് ചാർജുകൾ (50 Mbps) | ₹ 30,000/- | ₹ 6,06,90,000/- |
| ആകെ വാർഷിക ചെലവ് | | **₹ 8,39,54,500/-** |

ഈ സാഹചര്യത്തിൽ നിലവിലുള്ള 2023 ഹോട്ട്സ്പോട്ടുകളുടെ 5 വർഷത്തെ പരിപാലനത്തിനായുള്ള കരാർ M/s. BSNL-ന് നൽകുന്നതിനും, പുതിയ 2000 ഹോട്ട്സ്പോട്ടുകൾക്കായി ഓപ്പൺ ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നു പരാമർശം (4)-ലെ 31.12.2025 ലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പബ്ലിക് വൈ-ഫൈ പദ്ധതിയിൽ തടസ്സമില്ലാത്ത സേവനങ്ങൾ ഉറപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു:

i. നിലവിലുള്ള 2023 വൈഫൈ ഹോട്ട്സ്പോട്ടുകളുടെ അഞ്ച് വർഷത്തെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി (O&M), പ്രതിവർഷം ₹8,39,54,500/- നിരക്കിൽ അഞ്ച് വർഷത്തേക്ക് ആകെ ₹41.97 കോടി രൂപ (നാൽപ്പത്തിയൊന്ന് കോടി തൊണ്ണൂറ്റിയേഴ് ലക്ഷം രൂപ മാത്രം) (GST ഒഴികെ) നിരക്കിൽ, 01-01-2026 മുതൽ പ്രാബല്യത്തിൽ സിസ്റ്റം ഇന്റഗ്രേറ്ററായ M/s BSNL-നെ ചുമതലപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകുന്നു. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ വർക്ക് ഓർഡർ നൽകുന്ന തീയതി മുതൽ 20 ദിവസത്തിനുള്ളിൽ വൈഫൈ ഹോട്ട്സ്പോട്ടുകളിൽ 50 എംബിപിഎസ് ബാൻഡ്‌വിഡ്ത്ത്

M/s BSNL ലഭ്യമാക്കേണ്ടതാണ്.

ii. പബ്ലിക് വൈ-ഫൈ (കെ-ഫൈ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2000 പുതിയ വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനായി CAPEX, OPEX, Bandwidth Charges എന്നിവയുൾപ്പെടെ സുതാര്യമായ ഓപ്പൺ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് കുമാർ എം

അഡിഷണൽ സെക്രട്ടറി

പകർപ്പ്,

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ&പിആർഡി

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mahesh R
Date:04.03.2026 10:59:47
സെക്ഷൻ ഓഫീസർ